(ബി) ഇവയുടെ മുൻഗണന തീരുമാനിച്ചിട്ടുണ്ടോ ;

(സി) എത്ര കാലത്തിനുള്ളിൽ ഇവ പുതുക്കിപ്പണിയാമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പാലം പണിക്കുവേണ്ടി എവിടെ നിന്നെല്ലാം സാമ്പത്തിക സഹായം ലഭിക്കാൻ സാധ്യതയുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ദേശീയപാതാ വിഭാഗത്തിൽ 11 പാലങ്ങളും റോഡ്സ് & ബ്രിഡ്ജസ് വിഭാഗത്തിൽ ഏകദേശം 100 പാലങ്ങളും പുതുക്കിപ്പണിയേണ്ടതായുണ്ട്.

(ബി) ഇല്ല.

(സി) വിഭവ ലഭ്യതയ്ക്കനുസരിച്ച് ഇവ പുതുക്കിപ്പണിയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) സർക്കാർ ഫണ്ട് ഉപയോഗിച്ചു പണികൾ നടത്തുന്നതിനു പുറമേ നബാർഡുൾപ്പെടെയുള്ള സർക്കാർ ഇതര ഏജൻസികളിൽ നിന്നും ധനം സ്വരൂപിക്കുന്നതിന് ശ്രമങ്ങൾ നടത്തി വരുന്നുണ്ട്.

സുരക്ഷിതമല്ലാത്ത പാലങ്ങളും കലുങ്കുകളും പുതുക്കിപണിയുന്നതിനെ സംബന്ധിച്ച മാസ്റ്റർ പ്ലാൻ

78 (4358) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ സുരക്ഷിതമല്ലാത്ത എത്ര പാലങ്ങളും കലുങ്കുകളും ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) സുരക്ഷിതമല്ലാത്ത പാലങ്ങളും കലുങ്കുകളും പുതുക്കിപ്പണിയുന്നതിനെ സംബന്ധിച്ച എന്തെങ്കിലും തരത്തിലുള്ള മാസ്റ്റർ പ്ലാൻ ഇതിനകം തയ്യാറാക്കിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സമയബന്ധിതമായ പഠനം നടത്തുവാനും വൻ അപകടങ്ങൾക്കു സാദ്ധ്യതയുള്ള ഈ പാലങ്ങളും കലുങ്കുകളും പുതുക്കിപ്പണിയാനും സർക്കാർ അടിയന്തര നടപടി കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിശദവിവരം ചുവടെ ചേർക്കുന്നു:

വിഭാഗം	പാലങ്ങൾ	കലുങ്കുകൾ
ദേശീയപാതാവിഭാഗം	11	ഇല്ല
റോഡ്സ് & ബ്രിഡ്ജ്സ് വിഭാഗം	134	757

(ബി & സി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പുതുക്കിപ്പണിയേണ്ട പാലങ്ങളുടേയും കലുങ്കുകളുടേയും പണികൾ യഥാസമയം ചെയ്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പഴയ മലബാർ ഭാഗത്തുള്ള പാലങ്ങൾ

79(4359) ശ്രീ. ലൂഡി ലൂയീസ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര പാലങ്ങളുടെ പണി ആരംഭിച്ചു ;

(ബി) അതിൽ എത്രയെണ്ണം പഴയ മലബാർ ഭാഗത്തുള്ളവയാണെന്ന് വെളിപ്പെടുത്താമോ :

(സി) പണി തുടങ്ങിയ പാലങ്ങളിൽ എത്രയെത്തിന്റെ പണി പൂർത്തിയാക്കി എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) റോഡുകളും പാലങ്ങളും വിഭാഗം : 45 പാലങ്ങൾ
ദേശീയ പാതാ വിഭാഗം : 4 പാലങ്ങൾ

(ബി) റോഡുകളും പാലങ്ങളും വിഭാഗം : 15 എണ്ണം
ദേശീയപാതാ വിഭാഗം : ഇല്ല.

(സി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ 8 പാലങ്ങളുടെ പണി പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly